**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1104** **09-10-2024 - ൽ മറുപടിയ്ക്ക്**

**പ്രാദേശിക മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | നിലവിലെ സർക്കാൻ വന്ന ശേഷം പ്രാദേശിക മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | വിശദാംശം **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | പ്രസ്തുത മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തദ്ദേശീയ മത്സ്യകർഷകർക്ക് മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്തുവരുന്നുണ്ടോ; എങ്കിൽ ഏതൊക്കെയിനം മത്സ്യക്കുഞ്ഞുങ്ങളെയാണ് വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. തദ്ദേശീയ മത്സ്യകർഷകർക്ക് മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്ത് വരുന്നതിന്റെ ഭാഗമായി ഗുണമേന്മയുള്ള നല്ലയിനം മത്സ്യവിത്തുകൾ ഉൽപ്പാദിപ്പിക്കുന്നതിനും അവ മത്സ്യകർഷകർക്ക് ലഭ്യമാക്കുന്നതിനുമായി വകുപ്പിന് കീഴിലുള്ളതും അഡാക്ക്, മത്സ്യഫെഡ് എന്നിവയുടെ കീഴിലുള്ളതുമായ 28 ഫിഷ് സീഡ് ഫാമുകളിലും ഹാച്ചറികളിലും മത്സ്യവിത്തുകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. കട്‌ല , രോഹു, മൃഗാൽ, പൂമീൻ, ഗ്രാസ് കാർപ്പ്, കോമൺ കാർപ്പ്, തിലാപ്പിയ, തിരുത, അനാബസ്, ആറ്റുകൊഞ്ച്, നാരൻ, കാരചെമ്മീൻ, മഞ്ഞക്കുരി തുടങ്ങിയ ഇനം മത്സ്യക്കുഞ്ഞുങ്ങളെയാണ് വിതരണം ചെയ്തു വരുന്നത്. ഇതിനു പുറമെ പിന്നാമ്പുറങ്ങളിലെ കരിമീൻ, വരാൽ വിത്തുൽപ്പാദന യൂണിറ്റുകളിൽ നിന്നും മൽസ്യക്കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നു. |
| (സി) | പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന മത്സ്യങ്ങളുടെ വിപണന സാധ്യത വർദ്ധിപ്പിക്കുന്നതിന് വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | പ്രാദേശികമായി ഉത്പാദിപ്പിക്കുന്ന മത്സ്യങ്ങളുടെ വിപണന സാധ്യത വർധിപ്പിക്കുന്നതിനായി സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി അഡാക്ക് മുഖേന സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ആയി യൂണിറ്റിന് 10 ലക്ഷം രൂപ കോസ്റ്റ് വരുന്ന 30 ലൈവ് ഫിഷ് മാർക്കറ്റിംഗ് ഔട്ട്‌ലറ്റുകൾ സ്ഥാപിക്കുന്നതിനായി 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയ്ക്കായി 25 ലക്ഷം രൂപ അഡാക്കിനു അനുവദിച്ചു നൽകുകയും 5 ഔട്ട്‌ലറ്റുകൾ സ്ഥാപിക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| | | | കൂടാതെ മത്സ്യ കർഷകർ ഉത്പാദിപ്പിക്കുന്ന മത്സ്യങ്ങൾ വിപണനം ചെയ്യുന്നതിന് പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലകളിൽ 6 കിയോസ്കുകൾ, 3 ലൈവ് ഫിഷ് വെൻഡിംഗ് യൂണിറ്റുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.<br><br>ഇതിന് പുറമേ മത്സ്യഫെഡ് മുഖേന ഫിഷ് ബൂത്തുകൾ, അന്തിപ്പച്ച എന്നീ സംരംഭങ്ങൾ വഴി കർഷകർ ഉത്പാദിപ്പിക്കുന്ന മത്സ്യങ്ങളുടെ വിപണനം നടത്തുന്നുണ്ട്. പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 15 കിയോസ്കുകൾ, 3 ലൈവ് ഫിഷ് വെൻഡിംഗ് യൂണിറ്റുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

<u>നിലവിലെ സർക്കാർ വന്ന ശേഷം പ്രാദേശിക മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം</u>

നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് പ്രാദേശിക മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി 2021-23 പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ മത്സ്യകൃഷി രീതികൾ നടപ്പിലാക്കുന്നതിനായി 98 കോടി രൂപയുടെയും സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി 2022-24 പദ്ധതിക്കായി 73.3973 കോടി രൂപയുടെയും ഭരണാനുമതി നൽകുകയും ആയതനുസരിച്ച് വിവിധ പദ്ധതികൾ നടപ്പിലാക്കി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യ ഇനങ്ങളിലും മത്സ്യകൃഷി രീതികളിലും വൈവിദ്ധ്യവൽക്കരണം സാധ്യമാക്കി കൊണ്ടാണ് ടി പദ്ധതി നടപ്പിലാക്കിയത്.

2023-24 സാമ്പത്തിക വർഷം ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി 71.2558 കോടി രൂപ വകയിരുത്തുകയും ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് വിവിധ ജില്ലകളിലായി പരമ്പരാഗത മത്സ്യകൃഷി രീതികളായ ഒരു നെല്ലും ഒരു മീനും, കാർപ്പ് മത്സ്യ കൃഷി, കുളങ്ങളിലെ മത്സ്യ കൃഷി, കുളങ്ങളിലെ മത്സ്യ /ചെമ്മീൻ കൃഷി , നൂതന മത്സ്യ കൃഷി രീതികളായ ബയോഫ്ലോക്ക്, റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (RAS), കൂടുകളിലെ മത്സ്യ കൃഷി ഉൾപ്പെടെ 25 ഇനം കൃഷി രീതികൾ നടപ്പിലാക്കി. ഇതിന് പുറമേ ടി പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യകൃഷിക്ക് അനുയോജ്യമായതും എന്നാൽ നിലവിൽ തരിശ് കിടക്കുന്നതുമായ പൊതുജലയാശങ്ങൾ/തോടുകൾ/ കനാലുകൾ എന്നിവ വൃത്തിയാക്കി പരിസ്ഥിതി സൗഹൃദ രീതിയിൽ തടയണ കെട്ടിയും വലവളപ്പുകൾ നിർമ്മിച്ചും തദ്ദേശിയ മത്സ്യവിത്ത് നിക്ഷേപിച്ച് ശാസ്ത്രീയ പരിപാലന മുറകൾ അവലംബിച്ച് 50 ha പ്രദേശത്ത് എംബാങ്ക്മെന്റ് മത്സ്യ കൃഷിയും 40 എണ്ണം വലവളപ്പുകളിലെ കൃഷിയും (പെൻ കൾച്ചർ) പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്.

**<u>ജനകീയ മത്സ്യകൃഷി 2023-25 വഴി നടപ്പിലാക്കുന്ന പദ്ധതികൾ</u>**

| ക്രമ നം. | മത്സ്യകൃഷി രീതി |
|---|---|
| 1. | അർദ്ധ ഊർജ്ജിത ശുദ്ധജല മത്സ്യകൃഷി (നൈൽ തിലാപ്പിയ) |
| 2. | അർദ്ധ ഊർജ്ജിത ശുദ്ധജല മത്സ്യകൃഷി (ആസ്സാംവാള) |
| 3. | അർദ്ധ ഊർജ്ജിത ശുദ്ധജല മത്സ്യകൃഷി (വരാൽ) |
| 4. | അർദ്ധ ഊർജ്ജിത ശുദ്ധജല മത്സ്യകൃഷി (അനാബാസ്, ക്യാറ്റ് ഫിഷ്) |
| 5. | കാർപ്പ് മത്സ്യകൃഷി |
| 6. | ഒരു നെല്ലും ഒരു മീനും കൃഷി |
| 7. | പടുതാകുളത്തിലെ വരാൽ മത്സ്യകൃഷി |
| 8. | പടുതാകുളത്തിലെ ആസ്സാംവാള മത്സ്യകൃഷി |
| 9. | പടുതാകുളത്തിലെ അനാബാസ് മത്സ്യകൃഷി |
| 10. | റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (അനാബാസ്) |
| 11. | റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (തിലാപ്പിയ) |

| | |
|---|---|
| 12. | ബയോഫ്ളോക്ക് കൃഷി (തിലാപ്പിയ) |
| 13. | ബയോഫ്ളോക്ക് കൃഷി (വനാമി) |
| 14. | ശുദ്ധജലത്തിലെ കൂട്ട കൃഷി (തിലാപ്പിയ) |
| 15. | കൂടിലെ കരിമീൻ കൃഷി |
| 16. | കൂടിലെ കടൽ മത്സ്യകൃഷി |
| 17. | കല്ലുമ്മേക്കായ കൃഷി |
| 18. | ഓയിസ്റ്റർ കൃഷി |
| 19. | ഞണ്ട് കൃഷി |
| 20. | കുളങ്ങളിലെ പൂമീൻ കൃഷി |
| 21. | കുളങ്ങളിലെ കരിമീൻ കൃഷി |
| 22. | കുളങ്ങളിലെ ചെമ്മീൻകൃഷി |
| 23. | ഒരു നെല്ലും ഒരു ചെമ്മീനും കൃഷി |
| 24. | എംബാങ്ക്മെന്റ് മത്സ്യകൃഷി |
| 25. | കൂട്ടകളിലെ പെൻ മത്സ്യകൃഷി |

മത്സ്യോല്പ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് 2020-21 സാമ്പത്തിക വർഷം സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി 4346 യൂണിറ്റ് വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി (മുറ്റത്തൊരു മീൻത്തോട്ടം), 2057 യൂണിറ്റ് ബയോഫ്ളോക്ക് മത്സ്യകൃഷി, 256 യൂണിറ്റ് കുളത്തിലെ കരിമീൻ കൃഷി 446 യൂണിറ്റ് കൂടിലെ മത്സ്യകൃഷി എന്നിവ നടപ്പിലാക്കി പൂർത്തീകരിച്ചിട്ടുണ്ട്.

തദ്ദേശീയ മത്സ്യ ഇനങ്ങളായ കരിമീൻ, വരാൽ മത്സ്യകുഞ്ഞുങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി പിന്നാമ്പുറങ്ങളിലെ കരിമീൻ, വരാൽ വിത്തുൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി മത്സ്യകർഷകർക്ക് ധനസഹായം നൽകി വരുന്നു. ഈ പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം പുതിയ കരിമീൻ/ വരാൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള യൂണിറ്റുകൾക്ക് പ്രവർത്തന ചെലവിനുമായി 475 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും 539 എണ്ണം പുതിയ കരിമീൻ, വരാൽ വിത്തുല്പാദന യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയ്ക്കായി 493 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് പുതിയ വിത്തുൽപ്പാദന യുണിറ്റുകൾ സ്ഥാപിക്കുന്നതിനും മുൻ വർഷങ്ങളിൽ സ്ഥാപിച്ച യൂണിറ്റുകൾക്ക് പ്രവർത്തന ചെലവിന്റെ 20%, 10% സബ്സിഡിയായി നൽകുന്നു. യൂണിറ്റുകളിൽ നിന്നും 181.87 ലക്ഷം കരിമീൻ/ വരാൽ കുഞ്ഞുങ്ങളെ നാളിതു വരെ ഉൽപാദിപ്പിച്ചിട്ടുണ്ട്.

ഇതിന് പുറമേ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2020-21 മുതൽ 2023-24 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതിയിലുൾപ്പെടുത്തി 291.61 കോടി രൂപ അടങ്കൽ തുക വരുന്ന വിവിധ മത്സ്യകൃഷി പദ്ധതികളായ റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ഓരുജല കൂട്ട കൃഷി, കുളങ്ങളിലെ ഓരുജലകൃഷി, പിന്നാമ്പുറങ്ങളിലെ അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ്, സംയോജിത അലങ്കാര മത്സ്യങ്ങളുടെ റിയറിംഗ് യൂണിറ്റ് എന്നീ മത്സ്യ കൃഷി പദ്ധതികൾ നടപ്പിലാക്കി വരുന്നു. നടപ്പ് സാമ്പത്തിക വർഷം ഉൾനാടൻ മത്സ്യ കൃഷി പ്രവർത്തനങ്ങൾക്കായി 7.14 കോടി രൂപ അടങ്കൽ തുക വരുന്ന വിവിധ മത്സ്യകൃഷി പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു.

കൂടാതെ ജലസംഭരണികളിൽ മത്സ്യ സമ്പത്ത് വർധിപ്പിക്കുന്നതിനായി (തദ്ദേശിയ മത്സ്യങ്ങൾ ഉൾപ്പെടെ) കൂടുകളിലെ മത്സ്യകൃഷിയ്ക്കായി പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതിയിലുൾപ്പെടുത്തി അഡാക്ക് വഴി 2020-21 സാമ്പത്തിക വർഷം 16 കോടി രൂപയുടെയും & 2021-22 സാമ്പത്തിക വർഷം 10.8180 കോടി രൂപയുടെയും റിസർവോയർ വികസന പദ്ധതിയ്ക്ക് (Participatory Integrated Fisheries Development in Selected Reservoirs of Kerala) കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമാകുകയും ആയത് പ്രകാരം തെരഞ്ഞെടുക്കപ്പെട്ട 6 ജില്ലകളിൽ 7 റിസർവോയറുകളിലായി ആയി 700 കൂടുകളിലെ മത്സ്യ കൃഷി പദ്ധതി പ്രവർത്തനം നടപ്പിലാക്കി വരുന്നു.

സംസ്ഥാനത്ത് വനാമി ചെമ്മീൻ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ADAK മുഖേന Development of Vannamei shrimp farming നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകുകയും പദ്ധതി നടപ്പിലാക്കി വരികയും ചെയ്യുന്നു. പദ്ധതി പ്രകാരം കണ്ണൂർ, തൃശ്ശൂർ, കൊല്ലം ജില്ലകളിലായി തെരഞ്ഞെടുത്ത 97.31 ഹെക്ടർ ഫാമുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് വനാമി ചെമ്മീൻ കൃഷി നടപ്പിലാക്കുകയും നടപ്പ് സാമ്പത്തിക വർഷത്തിൽ വിളവെടുപ്പ് പൂർത്തിയാക്കിയ 65.30 ഹെക്ടറിൽ നിന്നും 236.5 ടൺ ചെമ്മീൻ ഉത്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഇതിന് പുറമേ 2023-25 ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി ADAK മുഖേന നടപ്പിലാക്കുന്ന വനാമി ചെമ്മീൻ കൃഷിയ്ക്ക് 594.23 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി തെരഞ്ഞെടുത്ത 69.97 ഹെക്ടറിൽ കൃഷിസ്ഥലങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം പൂർത്തിയാക്കുകയും ഇതിൽ 42.69 ഹെക്ടറിൽ നിന്നും 197.94 ടൺ വനാമി ചെമ്മീൻ ഉത്പാദിപ്പിച്ചിട്ടുണ്ട്.

വിവിധ പദ്ധതികളിലൂടെ മത്സ്യ കൃഷിയിലും മത്സ്യ ഇനങ്ങളിലും വൈവിധ്യവൽക്കരണം സാധ്യമാക്കിയത് വഴി ഉൾനാടൻ മത്സ്യോൽപ്പാദനം 2019-20 ൽ 2.05 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2023-24 ൽ 2.51 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചു. ഇതിൽ മത്സ്യകൃഷിയിൽ നിന്നുള്ള ഉൽപ്പാദനം 25081 മെട്രിക് ടണ്ണിൽ നിന്നും 40852 മെട്രിക് ടൺ ആയി വർദ്ധിച്ചു.